എച്ച്.എസ്.എ. നിയമനം

60 (2989)ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ നിലവിലുള്ള എച്ച്.എസ്.എ. സോഷ്യൽ സ്റ്റഡീസ് തസ്തികയിലേയ്ക്കുള്ള റാങ്ക് ലിസ്റ്റിൽ നിന്നും എത്രപേർക്ക് നിയമനം നൽകി എന്ന് വെളിപ്പെടുത്തുമോ; നിയമനത്തിന് ശുപാർശ ചെയ്ത വരുടെ ജാതി തിരിച്ചുള്ള റാങ്ക് വിവരം വെളിപ്പെടുത്തുമോ;

(ബി) ഈ ലിസ്റ്റിൽ നിന്നും പരമാവധി ആളുകൾക്ക് നിയമനം നടത്തുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നാലുപേർക്ക് നിയമനം നൽകി.

പട്ടികജാതി	-	1
പട്ടികവർഗ്ഗം	-	1
ക്രിസ്ത്യൻ	-	1
ഈഴവ	-	1
ആകെ		4

(ബി) ലഭ്യമാകുന്ന ഒഴിവുകളുടെ അടിസ്ഥാനത്തിൽ പരമാവധി നിയമനം നൽകുന്നതാണ്.

ആരോഗ്യ വകുപ്പിലെ നിയമനം

61 (2990)ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ കൊല്ലം ജില്ലയിലേക്ക് ഫീൽഡ് വർക്കർമാരായി തിരഞ്ഞെടുക്കുന്നതിന് പി.എസ്.സി. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് പ്രസിദ്ധീകരിച്ചത്;

(ബി) ഈ ലിസ്റ്റിൽ നിന്നും എത്രപേരെ ഇതുവരെ നിയമിച്ചു; ഈ ലിസ്റ്റിന്റെ കാലാവധി എന്നത്തേയ്ക്ക് അവസാനിക്കുമെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ ലിസ്റ്റിൽനിന്നുള്ള നിയമനത്തിനായി വേക്കൻസികൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര;

(ഡി) ഈ ലിസ്റ്റിൽനിന്നും കൂടുതൽ പേരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 20.11.1997-ൽ ലിസ്റ്റ് പ്രസിദ്ധീകരിച്ചു.

(ബി) ഈ ലിസ്റ്റിൽ നിന്ന് 32 പേരെ ഇതുവരെ നിയമിച്ചിട്ടുണ്ട്. 20.11.2000-ൽ ലിസ്റ്റിന്റെ കാലാവധി അവസാനിക്കും.

LIBRARY ARCHIVES Kerala Legislative Assembly

(സി) മുന്നു വേക്കൻസികൾ കൂടി പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) തസ്തികകൾ ഒഴിവു വരുന്നമുറക്ക് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്.

പി.എസ്.സി. നിയമനം ത്വരിതപ്പെടുത്തൽ

62 (2991)ശ്രീ. എ. കണാരൻ :
ശ്രീ. എം.വി. ജയരാജൻ :
ശ്രീ. വി.കെ. ചന്ദ്രൻ :
ശ്രീ. എം.എ. തോമസ് :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിന് കമ്പ്യൂട്ടർ ഉപയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പേർക്ക് പി.എസ്.സി. നിയമനം നൽകിയിട്ടുണ്ട്?

ഉത്തരം

(എ) സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) 31.5.1999 വരെ 61,614 പേർക്ക് പി.എസ്.സി. നിയമന ശുപാർശ നൽകിയിട്ടുണ്ട്.

റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനം

63 (2992)ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ നിലവിലുള്ള എൽ.പി./യു.പി. അസിസ്റ്റന്റ് തസ്തികയിലേക്കുള്ള റാങ്ക് ലിസ്റ്റിൽനിന്നും നാളിതുവരെ എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ട്;

(ബി) ഈ റാങ്ക് ലിസ്റ്റിൽനിന്നും ഈഴവ, മുസ്ലീം വിഭാഗത്തിൽ വരുന്ന എത്രാമത്തെ റാങ്കുകാർക്ക്വരെ നിയമന ശുപാർശ നൽകിയിട്ടുണ്ട്;

(സി) ഒഴിവുള്ള തസ്തികകളിലേക്ക് ഈ ലിസ്റ്റിലുള്ള പരമാവധി ആളുകൾക്ക് നിയമനം ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1715 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി) ഈഴവ വിഭാഗത്തിൽ 1061-ാമത്തെ റാങ്കുകാരനും മുസ്ലീം വിഭാഗത്തിൽ 1107-ാമത്തെയും റാങ്കുകാരനും നിയമന ശുപാർശ നൽകിയിട്ടുണ്ട്.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly